ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

220. [345] ശ്രീ. കെ. ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള വീട് നിർമ്മാണ പദ്ധതിയനുസരിച്ച് ധനസഹായം വാങ്ങി വീട് നിർമ്മിച്ച പാവപ്പെട്ട ആളുകളിൽ നിന്നും പ്രസ്തുത സംഖ്യ തിരിച്ച് ഈടാക്കാനുള്ള നടപടികൾ ഉപേക്ഷിക്കാൻ ദയവുണ്ടാകുമോ;

(ബി) ദാരിദ്ര്യരേഖയിൽ താഴെയുള്ളവർക്ക് വേണ്ടി മുൻപ് അനുവദിച്ചുകൊടുത്ത വായ്പകൾ ഈടാക്കാനുള്ള ജപ്തി നടപടികൾ സ്വീകരിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ), (ബി) ഭവന നിർമ്മാണ പദ്ധതികൾ എല്ലാംതന്നെ ഹഡ്കോയുടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പകൾ സ്വീകരിച്ചുകൊണ്ടാണ് നടപ്പിലാക്കിവരുന്നത്. തക്കസമയത്ത് ഈ വായ്പകൾ തിരിച്ചടച്ചാൽ മാത്രമേ ഭവന നിർമ്മാണ പദ്ധതികൾക്ക് തുടർന്നുള്ള വായ്പകൾ ഈ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുകയുള്ളൂ. ആയതിനാൽ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് നൽകിവരുന്ന ധനസഹായം തിരിച്ചുപിടിക്കേണ്ടതു് ആവശ്യമാണ്.

ദുർബലവിഭാഗങ്ങൾക്ക് വീടുണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടി

221 [346] ശ്രീ. ടി. എസ്. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 കാലത്ത് ദുർബലവിഭാഗങ്ങൾക്ക് എത്ര വീടുണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) പണി ആരംഭിച്ച വീടുകൾ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 136,000 വീടുകൾ.

(ബി) ഒന്നുരുണ്ടു മാസങ്ങൾക്കുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly